**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2843** **13-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പ്ലാന്റുകളിൽ നിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ചിരിക്കുന്ന സൗരോർജ്ജ നിലയങ്ങളിൽ നിന്നും (സോളാർ പാർക്കുകൾ ഒഴികെ) പ്രതിദിനം പത്തൊൻപതി നായിരത്തോളം (19000) യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. കാസർഗോഡ് ജില്ലയിൽ സൗര പുരപ്പുറ സോളാർ പദ്ധതിയിലെ ഫേസ് - I (നോൺ സബ്സിഡി) പ്രോജക്ടിൽ 64 സൗര നിലയങ്ങൾ (988 KWP) കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ (ഫേസ് - II) 440 സൗര നിലയങ്ങൾ (1732 KWP) സ്ഥാപിച്ചു. പ്രസ്തുത പ്ലാന്റുകളിൽ നിന്നും (ഫേസ് I & II) പ്രതിദിന ഉത്പാദനം 10880 യൂണിറ്റാണ്. കാസറഗോഡ് ജില്ലയിലെ അമ്പലത്തറയിൽ IREDA സ്ഥാപിച്ച 50 MW സോളാർ പ്ലാന്റ്, പൈവളികയിൽ THDCIL സ്ഥാപിച്ച 50 MW സോളാർ പ്ലാന്റ്, മഞ്ചേശ്വരം സബ്സ്റ്റേഷനിൽ KSEBL സ്ഥാപിച്ച 0.5 MW സോളാർ പ്ലാന്റ്, വെസ്റ്റ് എളേരിയിൽ ഭാരത് ചാരിറ്റബിൾ ഹോസ്പിറ്റൽ സൊസൈറ്റി സ്ഥാപിച്ച 1 MW സോളാർ പ്ലാന്റ് എന്നിവയാണുള്ളത്. 2021-22 വർഷത്തെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ അമ്പലത്തറ, പൈവളിഗെ എന്നീ പ്ലാന്റുകൾ ഉൾപ്പെടുന്ന സോളാർ പാർക്കിൽ നിന്നുമുള്ള പ്രതിദിന ശരാശരി ഉല്പാദനം ഏകദേശം 4.48 ലക്ഷം യൂണിറ്റ് ആയിരുന്നു. മറ്റു പ്ലാന്റുകളിലെ ശരാശരി പ്രതിദിന ഉത്പാദനം ചുവടെ ചേർക്കുന്നു.<br><br>മഞ്ചേശ്വരം സബ്സ്റ്റേഷനിലെ 0.5 MW സോളാർ പ്ലാന്റ് - ഏകദേശം 2000 യൂണിറ്റ്<br><br>വെസ്റ്റ് എളേരിയിലെ 1 MW സോളാർ പ്ലാന്റ് - ഏകദേശം 5000 യൂണിറ്റ് |
| (ബി) | ഇവ സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ? | (ബി) | കെ.എസ്.ഇ.ബി.എൽ. പണം മുടക്കി റീസ് വഴി സ്ഥാപിച്ച രണ്ട് നിലയങ്ങൾക്ക് (മഞ്ചേശ്വരം – 500 |

| | | | |
|---|---|---|---|
| | | | KWP, മൈലാട്ടി - 30 KWP) മൂന്നുകോടി എൺപത്തിയഞ്ചു ലക്ഷം രൂപ ചെലവായിട്ടുണ്ട്.<br><br>സൗര ഫേസ് I പ്രോജക്ടിലെ നിലയങ്ങൾ സ്ഥാപിക്കാൻ ആകെ ഏകദേശം 4,14,96,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കെ.എസ്.ഇ. ബി.എൽ.- ന്റെ മുതൽ മുടക്കിലാണ് നടപ്പാക്കുന്നത്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സൗര ഫേസ് II പ്രോജക്ടിലെ നിലയങ്ങൾ കേന്ദ്രഗവൺമെന്റിന്റെ 40% സബ്സിഡിയോടു കൂടിയാണ് നടപ്പാക്കുന്നത്.<br><br>അമ്പലത്തറ, പൈവളിക സോളാർ നിലയങ്ങ-ൾക്കായി ഇതുവരെ ഏകദേശം 582.76 കോടി രൂപ ചെലവായിട്ടുണ്ട്. സോളാർ പാർക്കിന്റെ വികസനം (അടിസ്ഥാന സൗകര്യം ഒരുക്കൽ, കൺസൽട്ടൻസി, സർവ്വേ, കെട്ടിടം, internal power evacuation മുതലായവ), സോളാർ നിലയങ്ങൾ സ്ഥാപിക്കൽ എന്നിവക്കുള്ള മൊത്തം ചെലവാണിത്. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള പവർ ഇവാക്വേഷനായി (power evacuation) KSEBL - ന് ഏകദേശം 40.11 കോടി രൂപയും ഇതു വരെ ചെലവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില പ്രവൃത്തികൾ പുരോഗമിക്കുന്നതിനാൽ ടി തുകയിൽ ഇനിയും വ്യത്യാസം വരാം.<br><br>മഞ്ചേശ്വരം സബ്സ്റ്റേഷനിലെ 0.5 MW സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ഏകദേശം 3.7കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. വെസ്റ്റ് എളേരിയിലെ 1 MW സോളാർ പ്ലാന്റ് സ്വകാര്യ ഉടമസ്ഥതയിൽ ആയതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിനായി വിനിയോഗിച്ച തുക സംബന്ധിച്ച വിവരം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ